■ പ്രതികരണം

അബ്ദുൽഹകീം നദ്‌വി

# പൗരോഹിത്യത്തിൽനിന്ന് പ്രവാചകത്വത്തിലേക്കുള്ള ദൂരം

**ദൈവിക** പ്രാതിനിധ്യമെന്ന കനത്ത ഉത്തരവാദിത്വം, ധാർമിക വിശുദ്ധിയുടെ പ്രാധാന്യം, അതിന് ലഭിക്കുന്ന കണക്കറ്റ പ്രതിഫലം, ധിക്കാരികൾക്ക് ലഭിക്കുന്ന ശിക്ഷ ഇതെല്ലാം മനുഷ്യനെ സദാ അല്ലാഹു ഓർമപ്പെടുത്തിയിട്ടുണ്ട്. പ്രവാചക നിയോഗത്തിലൂടെയാണ് ഈ പ്രക്രിയ അഭംഗുരം തുടർന്നു പോന്നിട്ടുള്ളത്. ഭൂമിയിൽ ആദ്യമനുഷ്യൻ ആദ്യപ്രവാചകൻ കൂടി ആയത് അതുകൊണ്ടാണ്. മനുഷ്യ സമൂഹത്തിന് ദിശാബോധം നിർണയിക്കാൻ മനുഷ്യനോളം മറ്റാർക്കും സാധ്യമല്ലെന്ന സത്യമാണ് പ്രവാചകന്മാരെല്ലാം മനുഷ്യരായതിന്റെ പിന്നിലുള്ള യുക്തി.

ദൈവിക ശാസനകളും നിരോധനങ്ങളും പ്രായോഗികമാണെന്നതിന്റെ സാക്ഷ്യമാണ് ഓരോ പ്രവാചകന്റെ ജീവിതവും. പ്രവാചകത്വമെന്നത് മനുഷ്യജീവിതവുമായി ബന്ധമില്ലാത്ത പദവിയോ സ്ഥാനമോ അല്ല. പക്ഷേ, അജ്ഞരും അവിവേകികളുമായ ജനം എക്കാലത്തും വെച്ച് പുലർത്തിയ വിവിധ അന്ധവിശ്വാസങ്ങളിലൊന്നാണ്, മനുഷ്യൻ പ്രവാചകനോ പ്രവാചകൻ മനുഷ്യനോ ആകാൻ പാടില്ല എന്നത്. മനുഷ്യൻ പ്രവാചകനാകുന്നത് വമ്പിച്ച അബദ്ധമാണെന്ന് അവർ തെറ്റിദ്ധരിച്ചു. ഈ തെറ്റുധാരണയെ വിശുദ്ധഖുർആൻ വിവിധ സന്ദർഭങ്ങളിൽ സഗൗരവം കൈകാര്യം ചെയ്തിട്ടുണ്ട്. (*അൽ അഅ്റാഫ്*: 63-69, *യൂനുസ്*: 2, *ഹൂദ്*: 27-31, *യൂസുഫ്*: 109, *അർറഅ്ദ്*: 38, *ഇബ്റാഹീം*: 10-11, *അന്നഹ്ൽ*: 43, *ബനൂഇസ്റാഈൽ*: 94-95, *അൽ കഹ്ഫ്*: 110, *അൽ അമ്പിയാഅ്*: 3-34, *അൽ മുഅ്മിനൂൻ*: 33-34, 47, *അൽ ഫുർഖാൻ*: 7-20, *അശ്ശുഅറാഅ്*: 154, 186, *യാസീൻ*: 15, *ഹാമീം അസ്സജദ*: 6).

പ്രവാചകന്മാർ മനുഷ്യരായതുകൊണ്ട് ആ പദവിക്ക് ഇടിച്ചിൽ തട്ടുന്നില്ല. അതുവഴി ആ പദവിയുടെ തിളക്കം കൂടുകയേ ഉള്ളൂ. മുഴുവൻ മനുഷ്യ വ്യവഹാരങ്ങളിലും ഏർപ്പെട്ട് ഒരു മാതൃകാ വ്യക്തിത്വം എങ്ങനെ രൂപപ്പെടുത്താമെന്നാണ് പ്രവാചകന്മാർ സമൂഹത്തിന് കാണിച്ചുകൊടുത്തത്. വിശപ്പും ദാഹവും അനുഭവപ്പെടാത്ത, ജീവൻ നിലനിർത്താൻ ആഹാരം ആവശ്യമില്ലാത്ത, മാനുഷികമായ വികാര വിചാരങ്ങളില്ലാത്ത അത്ഭുത ജീവിതമാണ് പ്രവാചകന്മാരുടേതെങ്കിൽ അവരെ ജനസമൂഹത്തിന് ഒരിക്കലും ഉൾക്കൊള്ളാൻ സാധിക്കുമായിരുന്നില്ല. പ്രവാചകൻ 'സാധാരണ' മനുഷ്യനാണെന്ന് പറയുന്നത് പൊറുക്കാനാകാത്ത അപരാധമായികണ്ട്, അങ്ങനെ പറയുന്നവരെ ഇകഴ്ത്തുകയും പരിഹസിക്കുകയും ചെയ്യുന്നവർ പ്രവാചക ജീവിതത്തെയും സന്ദേശങ്ങളെയും വളച്ചൊടിക്കുകയാണ്.

പ്രവാചകന്മാരെക്കുറിച്ച് പ്രധാനമായും രണ്ട് ധാരണകളാണ് പലപ്പോഴും നിലനിന്നിരുന്നത്. ഒന്ന്, അമാനുഷികത അവകാശപ്പെടുന്ന അഭൗതിക പ്രകൃതമുള്ള സവിശേഷ സൃഷ്ടി വിഭാഗം. രണ്ട്, മാനുഷിക വ്യവഹാരങ്ങളിൽ ഇടപെടാതെ ഒതുങ്ങിക്കൂടുന്ന ഒരു വിഭാഗം. പ്രവാചകന്മാരെക്കുറിച്ച് അവർ ഉന്നയിച്ച ചോദ്യത്തിൽനിന്നും ഇത് വ്യക്തമാകും. അവർ പറഞ്ഞു, ഭക്ഷണം കഴിക്കുകയും അങ്ങാടികളിൽ ചുറ്റിനടക്കുകയും ചെയ്യുന്ന ഇയാൾ എന്ത് പ്രവാചകൻ?' (*അൽ ഫുർഖാൻ*: 7). പൗരോഹിത്യത്തിന്റെ ജാടകളും അരാഷ്ട്രീയതയുടെ സങ്കുചിതത്വവും പ്രവാചകന്മാരിൽ ആരോപിക്കാനാണ് ഈ ചോദ്യത്തിലൂടെ അവർ ശ്രമിച്ചത്.

ദിവ്യാത്ഭുതങ്ങൾ കാണിക്കുന്ന, ശൂന്യതയിൽനിന്ന് അന്നം വരുത്തുന്ന, മനുഷ്യലോകവുമായി അധിക ബന്ധമൊന്നുമില്ലാത്ത വിചിത്ര ജീവികളാണ് പ്രവാചകന്മാർ എന്ന് തോന്നിപ്പിക്കുന്ന പൗരോഹിത്യസങ്കൽപം ഏറിയോ കുറഞ്ഞോ എല്ലാ കാലഘട്ടത്തിലും നിലനിന്നിട്ടുണ്ട്. അവരുടെ സങ്കൽപപ്രകാരം, പ്രവാചകത്വം ദിവ്യാത്ഭുത സിദ്ധികളിലും സ്ഥാനവസ്ത്രങ്ങളിലും രൂപഭാവങ്ങളിലുമൊക്കെയാണ്. തങ്ങളുടെ ജനതയോടൊപ്പം മുഴു ജീവിതത്തിലും ഇടപെട്ട് വിശുദ്ധജീവിതം നയിച്ച മാതൃകാ യോഗ്യരായിരുന്നു പ്രവാചകന്മാർ എന്ന ലളിത സത്യം പലപ്പോഴും വിസ്മരിക്കപ്പെടുന്നു.

നവോത്ഥാനത്തെ ചോദ്യം ചെയ്തും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും സാമ്രാജ്യത്വ വിരുദ്ധതയുടെ മുഖം നൽകിയും അവയെ ആധുനികതയുടെ അടയാളക്കുറികളായി ചിത്രീകരിച്ചും പൗരോഹിത്യത്തിന്റെ പോസ്റ്റ് മോഡേൺ അവതാരങ്ങൾ മറയാക്കുന്നത് പ്രവാചകത്വത്തെക്കുറിച്ച ഈ പൗരോഹിത്യ സങ്കൽപമാണ്. ആത്മീയതയുടെ പുതുപുത്തൻ ഓഫറുകളുമായി സെമിനാറുകളും സമ്മേളനങ്ങളും നടത്തി വലവീശിയെറിയുന്ന ത്വരീഖത്ത് ശൈഖുമാരുടെയും സിദ്ധന്മാരുടെയും നിലനിൽപിന്റെയും വ്യാപനത്തിന്റെയും ആണിക്കല്ലും ഇതു തന്നെയാണ്. കേരളത്തിനകത്തും പുറത്തും പൊടിപൊടിക്കുന്ന മഖ്ബറ വ്യവസായത്തിന്റെ അടിവേരും മറ്റൊന്നല്ല.

ഇസ്‌ലാമിന്റെ സമഗ്രതയെ കേവല ആത്മീയതയുടെ ഊരാക്കുടുക്കുകളിൽ തളച്ചിടുന്ന ഈ പൗരോഹിത്യമതം ജീർണവും വികലവുമായ ആൾക്കൂട്ടങ്ങളെ സൃഷ്ടിക്കാൻ മാത്രമേ കാരണമായിട്ടുള്ളൂ. സാമ്രാജ്യത്വ ശക്തികൾ ഇസ്‌ലാം വിരുദ്ധ അജണ്ടകളുമായി ഏറെ മുന്നോട്ട് പോയ വർത്തമാനകാലത്തും ഈ വികലവാദം മുസ്‌ലിം സമൂഹത്തെ ഷണ്ഡീകരിക്കാനും ശീതീകരിക്കാനും കാരണമാകുന്നുണ്ടെന്നത് തർക്കമറ്റതാണ്. ത്വരീഖത്ത് പ്രസ്ഥാനങ്ങളെയും കപട ആത്മീയവാദികളെയും അടിത്തറയില്ലാത്ത പാരമ്പര്യങ്ങളിൽ അഭിരമിക്കുന്ന സംഘങ്ങളെയും എന്ത് വിലകൊടുത്തും സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത് സാമ്രാജ്യത്വ ഏജൻസികളാണെന്ന് കൂടി ചേർത്ത് വായിച്ചാൽ ചിത്രം പൂർണമായി. സാമൂഹിക വിപ്ലവത്തിന്റെ മുന്നണിപ്പോരാളികളും ധ്വജവാഹകരുമായിരുന്ന പ്രവാചകന്മാരുടെ പിൻമുറക്കാരായ പണ്ഡിതന്മാർ പൗരോഹിത്യത്തിന്റെ കൊടിയടയാളങ്ങളും കെട്ടു കാഴ്ചകളുമായി സ്വലാത്തും ദിക്റും ഏറെ ലാഭസാധ്യതയുള്ള കച്ചവടച്ചരക്കായി ദുരുപയോഗം ചെയ്തും കൈമുത്തലും കാൽതടവലുമായി ആഡംബര കാറുകളിൽ നാട്ചുറ്റുന്നത് എത്രമാത്രം ഖേദകരമല്ല.

പ്രവാചകന്മാർ ആരാധനാ രംഗത്തെ വിശ്വാസ ജീർണതകളും അനാചാരങ്ങളും നിർമാർജനം ചെയ്യാൻ മാത്രമായി നിയുക്തരായവരാണെന്ന വാദം പ്രവാചകത്വ പദവിയോട് ഒരു വിധേയവും നീതിപുലർത്തുന്നതല്ല. വിശ്വാസ വൈകല്യങ്ങളും അനാചാരങ്ങളും ഇല്ലാതാക്കുന്നതോടൊപ്പം സമൂഹത്തിന്റെ സമൂലമായ പരിവർത്തനമായിരുന്നു അവരുടെ നിയോഗലക്ഷ്യം. സമൂഹത്തിൽ നിലനിന്നിരുന്ന തിന്മകൾ മതപരം, ഭൗതികം, ആരാധനാപരം, സാമൂഹികം എന്നിങ്ങനെ വർഗീകരിച്ചല്ല അവർ നേരിട്ടത്. വിശ്വാസ ജീർണതകൾ പൂർണമായി തുടച്ച് നീക്കിയശേഷം മതി സാമൂഹിക തിന്മകളുടെ നിർമാർജനം എന്ന മുൻഗണനാക്രമവും പ്രവാചകന്മാർ സ്വീകരിച്ചിട്ടില്ല.

ബഹുദൈവത്വ സങ്കൽപങ്ങളെ ചോദ്യം ചെയ്ത നൂഹ് നബി സാമൂഹിക ഉച്ചനീചത്വങ്ങൾക്കെതിരെയും ഹൂദ്, സ്വാലിഹ് എന്നീ പ്രവാചകന്മാർ ധൂർത്തും പൊങ്ങച്ച പ്രകടനവും മുഖമുദ്രയാക്കിയ മുതലാളിത്ത ജീവിത വീക്ഷണത്തിനെതിരെയും ശുഐബ് നബി കച്ചവട രംഗത്തെ ചൂഷണത്തിനും സാമ്പത്തിക കുറ്റകൃത്യങ്ങൾക്കെതിരെയും ലൂത്വ് നബി ലൈംഗിക അരാജകത്വങ്ങൾക്കെതിരെയും ഇബ്റാഹീം നബി ഭരണകൂട ഭീകരതക്കെതിരെയും മൂസാനബി ഫറോവയുടെ ക്രൂരതക്കെതിരെയും ഇരകളുടെ മോചനത്തിനും ഈസാനബി പൗരോഹിത്യത്തിന്റെ അധീശത്വത്തിനെതിരെയും പോരാടുകയുണ്ടായി. ഈ പ്രവാചകരുടെ പാരമ്പര്യമാണ് യഥാർഥ ഇസ്‌ലാമിക പാരമ്പര്യം. അതാണ് നാം വർത്തമാന കാലത്ത് പുനരാവിഷ്കരിക്കേണ്ടത്. ■